# പത്രക്കുറിപ്പ്

## പൊങ്കാല സുരക്ഷക്കായി 4200 പോലീസ്

### ആകാശനിരീക്ഷണത്തിന് ഡ്രോണുകൾ , വനിതാ കമാൻഡോ സംഘം , നിരീക്ഷണത്തിന് 65 സി.സി.റ്റി.വി ക്യാമറകൾ , ശബ്ദമലിനീകരണത്തിനെതിരെ നിയമനടപടി

തിരുവനന്തപുരം: ഭക്തലക്ഷങ്ങൾ വന്നണയുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് ഇക്കുറി 4200 പൊലീസുകാരെ അണിനിരത്തി പഴുതടച്ച സുരക്ഷയാണ് സിറ്റി പോലീസ് ഒരുക്കിയിരിക്കുന്നത്. അയാൾ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും സിഐ അടക്കമുള്ള സംഘം ഡ്യൂട്ടിക്കായി എത്തുമെന്ന് സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു.

ക്ഷേത്രവും, പരിസരവും, ട്രാഫിക്കുമുൾപ്പടെ നാല് സോണുകളായി തിരുച്ച 4 എസ്.പി മാർക്ക് ചുമതല നൽകും. ക്ഷേത്രവും പരിസരവും ഉൾപ്പെടുന്ന ഇന്നർസോണിൻറെ ചുമതല വനിതാ ബറ്റാലിയൻ കമാൻഡൻറ് ആർ.നിശാന്തിനിക്കാണ്. ക്ഷേത്രത്തിൻറെ പുറത്തു പൊങ്കാല നടക്കുന്ന പ്രദേശങ്ങളായ ഔട്ടർസോണിൻറെ സുരക്ഷാ ചുമതല ഡി.സി.പി ജി ജയദേവിനാണ്. ഇതോടനുബന്ധിച്ചുള്ള ഗതാഗത നിയന്ത്രണവും പാർക്കിങ്ങിനുമായുള്ള ട്രാഫിക് സോണിൻറെ ചുമതല ശ്രീ പദ്മനാഭസ്വാമി ക്ഷേത്ര സുരക്ഷാ ചുമതലയുള്ള ഡി.സി.പി. വി.അജിത്തിനായിരിക്കും. തീപിടിത്തം, അപകടങ്ങൾ അടക്കമുള്ള ഏത് അടിയന്തിര സാഹചര്യവും നേരിടാനുള്ള എമർജൻസി സോണിൻറെ ചുമതല ഡി.സി.പി അഡ്മിനിസ്ട്രേഷൻ എൻ. രമേശ് കുമാറിനായിരിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു

ഇപ്രാവശ്യം ആദ്യമായി ഏത് അടിയന്തിര സാഹചര്യവും നേരിടാൻ പരിശീലനം ലഭിച്ച വനിതാ കമാൻഡോ സംഘത്തെ ക്ഷേത്ര പരിസരത്തു വിന്യസിക്കും. ഇതിനു പുറമെ പോലീസിൻറെ ക്വിക്ക് റെസ്പോൺസ് ടീമിനെയും (ക്യൂ. ആർ. ടി) സജ്ജമാക്കിയിട്ടുണ്ട്. 25 ഡി.വൈ.എസ് .പിമാർ, 12 വനിത സിഐ ഉൾപ്പടെ 62 സിഐമാർ, 450 എസ്.ഐമാർ, 1200 വനിതാ പോലീസ്, 2300 പോലീസുകാർ ഉൾപ്പെടെയുള്ളവരാണ് ഡ്യൂട്ടിക്കായി എത്തുന്നത്.

ഇപ്രാവശ്യം ഡ്രോണുകളെ ഉപയോഗിച്ച് പോലീസ് ആകാശ നിരീക്ഷണം നടത്തും. ഇതുകൂടാതെ 65 സ്ഥലങ്ങളിൽ സി.സി.റ്റി.വി ക്യാമറ നിരീക്ഷണം

ഏർപ്പെടുത്തിയിട്ടുണ്ട് . സിറ്റി പോലീസ് കൺട്രോൾ റൂമിനു പുറമെ ആറ്റുകാലിലുള്ള സ്പെഷ്യൽ കണ്ട്രോൾ റൂമിലും, എയ്ഡ് പോസ്റ്റുകളിലും ഈ ദൃശ്യങ്ങൾ നിരീക്ഷിക്കും.

ഷാഡോ പോലീസ്, വനിത ഷാഡോ പോലീസ്, മഫ്തി സംഘങ്ങൾ, പിങ്ക് പോലീസ് എന്നിവരും ഭക്തരുടെ സുരക്ഷക്കായി രംഗത്തുണ്ടാവുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. പൊങ്കാല സംബന്ധമായി ക്ഷേത്രത്തിന് പരിസരത്തുള്ള മേഖലകളിൽ പാതവക്കിൽ സ്റ്റേജ് കെട്ടുന്നതും ആർച്ച് കെട്ടുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. അനുവദനീയമായ തോതിലും കൂടുതൽ ശബ്ദത്തിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നവർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് മൈക്ക് സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും കണ്ടുകെട്ടും. പൊങ്കാലയുമായി ബന്ധപ്പെട്ട് സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ തുടങ്ങിയ നടത്തുന്ന നിർബന്ധിത പിരിവ് വിലക്കിയിട്ടുണ്ട്. അങ്ങിനെയുള്ളവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ഗതാഗതം തടസ്സപ്പെടുത്തുന്ന തരത്തിലുള്ള വഴിയോര കച്ചവടം അനുവദിക്കുന്നതല്ല. പൊങ്കാല പ്രമാണിച്ച് ഭക്തജനങ്ങൾക്ക് അന്നദാനവും പാനീയവിതരണവും നടത്താൻ ഉദ്ദേശിക്കുന്ന വ്യക്തികളും സന്നദ്ധ സംഘടനകളും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. വാഹനം തടഞ്ഞു നിറുത്തി പാനീയവിതരണം നടത്തി ഗതാഗത തടസ്സം ഉണ്ടാക്കുന്നവർക്കെതിരെയും നിയമനടപടികൾ സ്വീകരിക്കുന്നതാണ്. പൊങ്കാലദിവസം ക്ഷേത്രത്തിൽ സേവനത്തിനായി വരുന്ന ആംബുലൻസ് വാഹനങ്ങളിലെ സ്റ്റാഫുകൾ തിരിച്ചറിയൽ കാർഡുകൾ നിർബന്ധമായും ധരിച്ചിരിക്കണം.

ഉത്സവമേഖലയിൽ സംശയകരമായ സാഹചര്യത്തിൽആൾക്കാരെയോ വസ്തുക്കളെയോ കാണുന്ന പക്ഷം ആയത് ഉടൻ തന്നെ അടുത്തുള്ള പോലീസുദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. കൺട്രോൾ റൂം നമ്പറായ 100 ലോ ആറ്റുകാൽ സ്പെഷ്യൽ കൺട്രോൾ റൂം നമ്പറായ 0471 - 2454308 എന്ന നമ്പറിലോ ഡ്യൂട്ടി ഓഫീസറുടെ 0471 - 2454301 എന്ന നമ്പറിലോ അറിയിക്കേണ്ടതാണ്. 1090 - ക്രൈം സ്റ്റോപ്പർ, 1091, 9995399953 - വനിതാ ഹെല്പ് ലൈൻ, 1515 - പിങ്ക് കൺട്രോൾ ഇനീ നമ്പറുകളിലും അറിയക്കുവന്നതാണ്.

ജില്ലാ പോലീസ് മേധാവി
തിരുവനന്തപുരം സിറ്റി

P. PRAKASH IPS
District Police Chief

# പത്രക്കുറിപ്പ്

02.03.2018 തീയതി നടക്കുന്ന ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ 01.03.2018 ഉച്ചകഴിഞ്ഞ് 02.00മണി മുതൽ 02.03.2018 വൈകുന്നേരം 08.00 മണി വരെ ഗതാഗത നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ഈ ദിവസങ്ങളിൽ തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിൽ ഒരു കാരണവശാലും ടിപ്പർ, ലോറികൾ, സിമൻറ് മിക്സർ, തടി ലോറികൾ, കണ്ടെയ്നർ ലോറികൾ, ചരക്കുവണ്ടികൾ, മുതലായ ഹെവി വാഹനങ്ങൾ പ്രവേശിക്കുന്നതിനോ നിരത്തുകളിലും സമീപത്തും പാർക്കുചെയ്യാനോ അനുവദിക്കുന്നതല്ല.

പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിൽ നിന്നും പൊങ്കാലയ്ക്കു വരുന്നതിനും തിരിച്ചു പോകുന്നതിനുമായി ഭക്തജനങ്ങൾക്ക് പൊങ്കാല സ്പെഷ്യൽ ആയി K.S.R.T.C വാഹനങ്ങൾ സർവ്വീസ് നടത്തുന്നതാണ്. പരമാവധി ആൾക്കാർ ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്. പൊങ്കാലയിടുന്നതിനായി സ്വകാര്യ വാഹനങ്ങളിൽ വന്ന് നഗരത്തിൽ പാർക്ക് ചെയ്ത് ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്.

## എമർജൻസി റൂട്ട്

ആറ്റുകൽ - പാടശ്ശേരി - ബണ്ട്റോഡ് കിള്ളിപ്പാലം വരെയുള്ള റോഡിലും, ആറ്റുകാൽ- ചിറമുക്ക് - ഐരാണിമുട്ടം- കാലടി - മരുതൂർക്കടവ് - കരുമം - തിരുവല്ലം വരെയുള്ള റോഡും അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ടി വരുമെന്നതിനാൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ ഒരു കാരണവശാലും വാഹനങ്ങൾ പാർക്കുചെയ്യുവാനോ, പൊങ്കാല ഇടുവാനോ പാടുള്ളതല്ല.

## നോ പാർക്കിംഗ്

പൊങ്കാലയിടാൻ ഭക്തജനങ്ങൾ വരുന്ന സ്വകാര്യ വാഹനങ്ങൾ ആറ്റുകാൽ ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രധാന റോഡുകളിലോ എം.സി., എൻ.എച്ച്., എം. ജി. റോഡുകളിലും ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ ഒരു കാരണവശാലും പാർക്കുചെയ്യാൻ പാടുള്ളതല്ല. അപ്രകാരം ഗതാഗത തടസ്സം ഉണ്ടാക്കിയോ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കിയോ പാർക്കുചെയ്യുന്ന വാഹനങ്ങൾ ഒരു മുന്നറിയിപ്പും കൂടാതെ നീക്കം ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ജംഗ്ഷനുകളിലും, വീതികുറഞ്ഞ റോഡുകളിലും, റോഡുപണി നടക്കുന്ന സ്ഥലങ്ങളിലും, ഒരു കാരണവശാലും വാഹനങ്ങൾ പാർക്കുചെയ്യാൻ പാടുള്ളതല്ല.

തീപിടിത്തം ഒഴിവാക്കുന്നതിനായി പൊങ്കാല അടുപ്പുകൾക്ക് സമീപം വാഹനങ്ങൾ പാർക്ക് ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

# പത്രക്കുറിപ്പ്

02.03.2018 തീയതി നടക്കുന്ന ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ 01.03.2018 ഉച്ചകഴിഞ്ഞ് 02.00മണി മുതൽ 02.03.2018 വൈകുന്നേരം 08.00 മണി വരെ ഗതാഗത നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ഈ ദിവസങ്ങളിൽ തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിൽ ഒരു കാരണവശാലും ടിപ്പർ, ലോറികൾ, സിമൻറ് മിക്സർ, തടി ലോറികൾ, കണ്ടെയ്നർ ലോറികൾ, ചരക്കുവണ്ടികൾ, മുതലായ ഹെവി വാഹനങ്ങൾ പ്രവേശിക്കുന്നതിനോ നിരത്തുകളിലും സമീപത്തും പാർക്കുചെയ്യാനോ അനുവദിക്കുന്നതല്ല.

പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിൽ നിന്നും പൊങ്കാലയ്ക്കു വരുന്നതിനും തിരിച്ചു പോകുന്നതിനുമായി ഭക്തജനങ്ങൾക്ക് പൊങ്കാല സ്പെഷ്യൽ ആയി K.S.R.T.C വാഹനങ്ങൾ സർവ്വീസ് നടത്തുന്നതാണ്. പരമാവധി ആൾക്കാർ ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്. പൊങ്കാലയിടുന്നതിനായി സ്വകാര്യ വാഹനങ്ങളിൽ വന്ന് നഗരത്തിൽ പാർക്ക് ചെയ്ത് ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്.

## എമർജൻസി റൂട്ട്

ആറ്റുകൽ - പാടശ്ശേരി - ബണ്ട്റോഡ് കിള്ളിപ്പാലം വരെയുള്ള റോഡിലും, ആറ്റുകാൽ- ചിറമുക്ക് - ഐരാണിമുട്ടം- കാലടി - മരുതൂർക്കടവ് - കരുമം - തിരുവല്ലം വരെയുള്ള റോഡും അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ടി വരുമെന്നതിനാൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ ഒരു കാരണവശാലും വാഹനങ്ങൾ പാർക്കുചെയ്യുവാനോ, പൊങ്കാല ഇടുവാനോ പാടുള്ളതല്ല.

## നോ പാർക്കിംഗ്

പൊങ്കാലയിടാൻ ഭക്തജനങ്ങൾ വരുന്ന സ്വകാര്യ വാഹനങ്ങൾ ആറ്റുകാൽ ക്ഷേത്രത്തിനു ചുറ്റുമുള്ള പ്രധാന റോഡുകളിലോ എം.സി., എൻ.എച്ച്., എം. ജി. റോഡുകളിലും ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ ഒരു കാരണവശാലും പാർക്കുചെയ്യാൻ പാടുള്ളതല്ല. അപ്രകാരം ഗതാഗത തടസ്സം ഉണ്ടാക്കിയോ സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാക്കിയോ പാർക്കുചെയ്യുന്ന വാഹനങ്ങൾ ഒരു മുന്നറിയിപ്പും കൂടാതെ നീക്കം ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ജംഗ്ഷനുകളിലും, വീതികുറഞ്ഞ റോഡുകളിലും, റോഡുപണി നടക്കുന്ന സ്ഥലങ്ങളിലും, ഒരു കാരണവശാലും വാഹനങ്ങൾ പാർക്കുചെയ്യാൻ പാടുള്ളതല്ല.

തീപിടിത്തം ഒഴിവാക്കുന്നതിനായി പൊങ്കാല അടുപ്പുകൾക്ക് സമീപം വാഹനങ്ങൾ പാർക്ക് ചെയ്യാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

നെയ്യാറ്റിൻകര ഭാഗത്തുനിന്നും ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ബാലരാമപുരം ഭാഗത്തുനിന്നും തിരിഞ്ഞ് ഉച്ചക്കട, മുക്കോല, വിഴിഞ്ഞം പൂവാർ ബൈപ്പാസ് വഴിയോ ബീച്ച് റോഡ് വഴിയോ പോകേണ്ടതാണ്.

പൊങ്കാല കഴിഞ്ഞു ആറ്റിങ്ങൽ, കൊല്ലം, ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ കഴക്കൂട്ടം വഴി ബൈപ്പാസ് റോഡിലൂടെയോ പൂന്തുറ, വലിയതുറ, ശംഖുമുഖം, വേളി, തുമ്പ, പുതുക്കുറിച്ചി, പെരുമാതുറ, പുതിയപാലം, അഞ്ചുതെങ്ങ് വഴി വർക്കല, കൊല്ലം ഭാഗത്തേയ്ക്ക് തിരക്കുകുറഞ്ഞതും വീതിയേറിയതുമായ പാത വഴി പോകാവുന്നതാണ്.

ബാലരാമപുരം ജംഗ്ഷനിൽ നിന്നും പള്ളിച്ചൽ ഭാഗത്തേയ്ക്കും, കഴക്കൂട്ടം മുക്കോലയ്ക്കൽ ഭാഗത്തുനിന്നും ചാക്ക ഭാഗത്തേയ്ക്കും, പാളയം ഭാഗത്തുനിന്നും കിഴക്കേക്കോട്ട ഭാഗത്തേയ്ക്കും, പൂജപ്പുരനിന്നും ജഗതി - ബേക്കറി ജംഗ്ഷൻ ഭാഗത്തേയ്ക്കും, കരമന ഭാഗത്തു നിന്നും കിള്ളിപ്പാലം ഭാഗത്തേയ്ക്കും മണക്കാട് ഭാഗത്തു നിന്നും കിഴക്കേക്കോട്ട ഭാഗത്തേയ്ക്കും പൊങ്കാല കഴിഞ്ഞ് ഭക്ത ജനങ്ങൾ തിരിച്ചു പോകുന്ന സമയത്ത് എതിരെ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ അനുവദിക്കുന്നതല്ല.

ചരക്കു വാഹനങ്ങളിലും, മറ്റു വാഹനങ്ങളിലും ആളുകളെ കുത്തി നിറച്ചും, അപകടം ഉണ്ടാകുന്ന രീതിയിലും ഭക്തജനങ്ങളെ കൊണ്ടുവരാൻ പാടുള്ളതല്ല.

പൊങ്കാലയർപ്പിച്ചു മടങ്ങുന്ന ഭക്തജനങ്ങൾക്ക് ലഘുപാനീയങ്ങൾ നൽകാനെന്ന പേരിൽ വാഹനങ്ങൾ പിടിച്ചിടുവാൻ പാടില്ലാത്തതും, മാർഗതടസം ഉണ്ടക്കാൻ പാടില്ലാത്തതുമാണ്.

ജംഗ്ഷനുകളിലും വീതികുറഞ്ഞ റോഡുകളിലും റോഡുപണി നടക്കുന്ന സ്ഥലങ്ങളിലും ഒരു കാരണവശാലും വാഹനങ്ങൾ പാർക്കുചെയ്യാൻ പാടുള്ളതല്ല.

പൊങ്കാല കഴിഞ്ഞ് മടങ്ങുന്ന അവസരത്തിൽ തിരക്ക് കൂട്ടാതെയും മിതമായ വേഗതയിലും മറ്റ് വാഹനങ്ങളെ ക്രമരഹിതമായി മറികടക്കാതെയും സുരക്ഷിതമായി വാഹനം ഓടിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽപറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതു ജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

Phone Numbers: **0471-2558732**
**0471-2558731**

അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,
ട്രാഫിക് നോർത്ത് സൗത്ത് സബ് ഡിവിഷൻ,
തിരുവനന്തപുരം സിറ്റി.